## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4348 — 22/07/2015 ൽ മറുപടിക്ക്

**ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനായി കർമ്മ പദ്ധതികൾ**

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;<br><br>(ബി) ഇതിനായി പ്രത്യേക സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;<br><br>(സി) ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി. യെ അറിയിക്കുവാനും യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (എ) യും (ബി)യും (സി)യും (ഡി)യും<br><br>നിലവിലുള്ളതും ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പു മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സിക്ക് ഇമെയിൽ വഴി റിപ്പോർട്ട് ചെയ്യണം എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ നിയമനാധികാരികൾക്കും ഡിജിറ്റൽ ഒപ്പ് ലഭ്യമാകാത്തതിനാൽ തപാൽ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള കാലാവധി 30.04.2015 വരെ പി.എസ്.സി. ദീർഘിപ്പിച്ചിരുന്നു. ഇതുകൂടാതെ സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാനായി e-vacancy എന്ന സോഫ്റ്റ്‌വെയറിന്റെ Trial Version പി.എസ്.സി നടപ്പിലാക്കുകയും ഓരോ ഡിപ്പാർട്ട്മെന്റ്/ കമ്പനി/ബോർഡുകളിലും പ്രസ്തുത സോഫ്റ്റ്‌വെയറിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനായി V.M.U (Vacancy Muster Unit) നെ നിയമിക്കാൻ അറിയിപ്പ് നല്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട V.M.U മാർക്കായി 2015 മെയ് 5, 6, 7 തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസിൽ വച്ച് ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിച്ച് അവബോധം നല്കുകയും V.M.U. മാർക്ക് പ്രസ്തുത സോഫ്റ്റ് വെയറിൽ login ചെയ്യാൻ Username ഉം Password ഉം നല്കുകയും ചെയ്തു. ടി സോഫ്റ്റ് വെയറിന്റെ Original Version ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ പി.എസ്.സി. ൽ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ